**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 129** **11-10-2024 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റയുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്ത കാലിത്തീറ്റ കഴിച്ചതിനെത്തുടർന്ന് കന്നുകാലികൾക്ക് ജീവഹാനി സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്ത കാലിത്തീറ്റ കഴിച്ചതിനെത്തുടർന്ന് കന്നു കാലികൾക്ക് ജീവഹാനി സംഭവിച്ചതായി മൃഗസംരക്ഷണ വകുപ്പിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട് . |
| (ബി) | കാലിത്തീറ്റയുടെ ഗുണനിലവാരക്കുറവ് കാരണം കന്നുകാലികൾക്ക് ജീവഹാനി സംഭവിച്ചാൽ കാലിത്തീറ്റ കമ്പനികളിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | 2023ലെ കേരള കന്നുകാലിത്തീറ്റ കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം, (നിർമ്മാണവും സംഭരണവും വിതരണവും വിൽപനയും നിയന്ത്രിക്കലും ഗുണനിലവാരം ഉറപ്പാക്കലും) ആക്ട് പ്രകാരം കാലിത്തീറ്റയുടെ ഗുണനിലവാര കുറവ് കാരണം കന്നുകാലികൾക്ക് ജീവഹാനി സംഭവിച്ചാൽ നടപടി സ്വീകരിക്കുന്നതിനു വ്യവസ്ഥയുണ്ട്.കൂടാതെ ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം നഷ്ടപരിഹാരം ഈടാക്കുന്നതിനും വ്യവസ്ഥയുണ്ട് |
| (സി) | കന്നുകാലികൾക്ക് വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കാമോ; | (സി) | 2023ലെ കേരള കന്നുകാലിത്തീറ്റ കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം, (നിർമ്മാണവും സംഭരണവും വിതരണവും വിൽപനയും നിയന്ത്രിക്കലും ഗുണനിലവാരം ഉറപ്പാക്കലും) ആക്ട് പ്രകാരം കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കു ന്നതിനും വ്യവസ്ഥയുണ്ട്. പൊതുജനങ്ങൾക്ക് കാലിത്തീറ്റ സാമ്പിൾ നിശ്ചിത ഗുണനിലവാരം ഉള്ളതാണോ എന്ന് പരിശോധിക്കുന്നതിന് ക്ഷീരവികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന എൻ.എ.ബി.എൽ അംഗീകാരമുള്ള സ്റ്റേറ്റ് ഡയറി ലാബിൽ സൗകര്യമുണ്ട്.<br><br>മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ്, ഗുണമേന്മയാർന്ന ഉത്പന്നങ്ങൾ ഏറ്റവും ന്യായമായ വിലയിൽ ആണ് വിപണിയിൽ |

എത്തിക്കുന്നത്. കേരള ഫീഡ്സ് കാലിത്തീറ്റ നിർമ്മിക്കാൻ ഉപയോഗിക്കുന്ന വസ്തുക്കളെല്ലാം കാർഷിക ഉൽപന്നങ്ങൾ അല്ലെങ്കിൽ അവയുടെ ഉപോൽപ്പന്ന ങ്ങളാണ്. ഇതിൽ കന്നുകാലികൾക്ക് ദോഷകരമായിട്ട് ഒന്നും അടങ്ങിയിട്ടില്ല. കാലിത്തീറ്റയ്ക്കും കാലിത്തീറ്റയിൽ ചേർക്കുന്ന എല്ലാ അസംസ്കൃത വസ്തുക്കൾക്കും നിശ്ചിത ഗുണനിലവാര മാനദണ്ഡങ്ങൾ ഉണ്ട്. ഇവ പരിശോധിക്കാനും ഉറപ്പാക്കാനും എല്ലാ കാലിത്തീറ്റ പ്ലാന്റിലും ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.കമ്പനിയിലേക്ക് വരുന്ന അസംസ്കൃതപദാർത്ഥങ്ങൾക്കും കാലിത്തീറ്റ ഉത്പാദനത്തിന്റെ വിവിധ ഘട്ടങ്ങളിലെ ഗുണനിലവാര പരിശോധന അടക്കം നാലു ഘട്ടത്തിലുള്ള ഗുണനിലവാര പരിശോധന നടപ്പിലാക്കി കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

സമീകൃത കാലിത്തീറ്റയുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് പാലുൽപ്പാദനം വർദ്ധിപ്പിക്കു ന്നതിനായി പ്രതിദിനം 360 മെട്രിക് ടൺ വീതം ഉൽപ്പാദന ശേഷിയുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികൾ പട്ടണക്കാട്ടും മലമ്പുഴയിലുമായി മിൽമയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കാനുതകും വിധത്തിലുള്ള തവിട്, പിണ്ണാക്ക്, ധാന്യങ്ങൾ തുടങ്ങിയ മേൽത്തരം അസംസ്കൃത വസ്തുക്കളാണ് കാലിത്തീറ്റ നിർമാണത്തിന് ഉപയോഗിക്കുന്നത്. ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിനായി ഓരോ അസംസ്കൃത വസ്തുവിന്റെയും ഗുണനിലവാര ഘടകങ്ങൾക്ക് പരിധി നിശ്ചയിച്ചുകൊണ്ട് അപ്രകാരമുള്ളവ മാത്രമാണ് വാങ്ങുന്നത്. ഫാക്ടറികളിലെ എൻ.ഐ.ആർ. അനലൈ സർ ഉൾപ്പെടെയുള്ള അത്യാധുനിക ഉപകര ണങ്ങളുടെ പിൻബലത്തോടെ നടത്തുന്ന പ്രാഥമിക പരിശോധനയിലൂടെ നിശ്ചിത ഗുണനിലവാരം പുലർത്താത്ത വസ്തുക്കൾ തിരസ്കരിക്കുകയും പൂർണഗുണനിലവാര മുള്ളവ മാത്രം കാലിത്തീറ്റയിൽ ചേർക്കുന്ന തിനായി തെരഞ്ഞെടുക്കുകയും ചെയ്യുന്നു.ഇത്തരത്തിൽ ഓരോ ലോഡ് അസംസ്കൃത വസ്തുവും ഗോഡൗണിൽ ഇറക്കുന്ന സമയത്ത് കൃത്യമായ സാമ്പിൾ ശേഖരണം നടത്തി വിശദമായ ലാബ്ടെസ്റ്റുകൾ വഴി ഗുണമേൻമ ഉറപ്പുവരുത്തുന്നുണ്ട്. കാലിത്തീറ്റയും കൃത്യ മായ പരിശോധനയ്ക്കു വിധേയമാക്കപ്പെട്ടു ന്നുണ്ട്. ഓരോ ഷിഫ്റ്റിലെയും തീറ്റകൾ കൃത്യമായി പരിശോധനയ്ക്കു വിധേയമാക്ക പ്പെടുന്നു. പ്രോട്ടീൻ, എണ്ണയുടെ അംശം, നാരുകളുടെ അംശം, മണലിന്റെ അംശം എന്നിവ ഇതിലൂടെ പരിശോധിക്കപ്പെടുന്നു. ഈർപ്പത്തിന്റെ അളവും

| | | | |
|---|---|---|---|
| | | | യഥാസമയം സൂക്ഷ്മതയോടെ പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നുണ്ട്. |
| (ഡി) | കാലിത്തീറ്റയുടെ ഗുണനിലവാരത്തോടൊപ്പം വിപണിവില നിയന്ത്രിക്കുകയെന്ന ഉദ്ദേശത്തോടുകൂടി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ഡി) | ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കാലിത്തീറ്റ നിർമ്മാണത്തി നാവശ്യമായ എല്ലാ അസംസ്കൃത വസ്തുക്കൾക്കും കേരളത്തിനു അന്യസംസ്ഥാ നങ്ങളെ ആശ്രയിക്കേണ്ടതായുണ്ട്. ഇത് കാലിത്തീറ്റയുടെ വില ക്രമാതീതമായി ഉയരുന്നതിനു കാരണമായിട്ടുണ്ട്.ക്ഷീരവികസന വകുപ്പിന്റേയും, തദ്ദേശസ്വയം ഭരണ വകുപ്പിന്റേയും മൃഗസംരക്ഷണ വകുപ്പിന്റെ കന്നുകുട്ടി പരിപാലന പദ്ധതി പോലുള്ള വിവിധ പദ്ധതികളിലൂടെയും ക്ഷീരകർഷകർ വാങ്ങുന്ന കാലിത്തീറ്റയ്ക്ക് സബ്സിഡി നല്കുന്നുണ്ട്. ഇതു കാരണം കാലിത്തീറ്റയ്ക്കുണ്ടാകുന്ന വിലവർദ്ധനവ് , ഒരു പരിധി വരെ കർഷകരെ ബാധിക്കുന്നില്ല.<br><br>പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ്, കാലിത്തീറ്റ ഉൽപാദനത്തിന് ഉപയോഗിക്കുന്ന അസം സ്കൃത വസ്തുക്കളുടെ വില അനുസരിച്ചാണ് പ്രധാനമായും കാലിത്തീറ്റയുടെ വില നിശ്ചയിക്കുന്നത്. അസംസ്കൃത വസ്തുക്കളുടെ വിലയിൽ അഭൂതപൂർവ്വമായ വർദ്ധനവ് ഉണ്ടാകുമ്പോഴും ഒരു സർക്കാർ സ്ഥാപനം എന്ന നിലയിൽ ക്ഷീര കർഷക സമൂഹത്തോടുള്ള പ്രതിബദ്ധത മൂലം കമ്പനി നഷ്ടം സഹിച്ച് കാലിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്.<br><br>കാലിത്തീറ്റ നിർമ്മാണത്തിന്റെ അസംസ്‌കൃത വസ്തുക്കളുടെ വില ക്രമാതീതമായി (46 % വരെ) വർദ്ധിച്ചപ്പോഴും കേരള ഫീഡ്സ്,മിൽമ എന്നിവയുടെ കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് വിപണിയിൽ എത്തിച്ചതുമൂലം വിപണി യിലെ കാലിത്തീറ്റ യുടെ പൊതുവിലുള്ള വില പിടിച്ചു നിർത്താൻ കഴിഞ്ഞു. പലഘട്ട ങ്ങളിലായി കേവലം 19%ത്തിന്റെ വർദ്ധനവ് മാത്രമാണ് വിൽപ്പനവിലയിൽ കേരള ഫീഡ്സ് നടപ്പിൽ വരുത്തിയത്.<br><br>കാലിത്തീറ്റ ഉൽപാദനത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളെല്ലാം തന്നെ ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തി ക്കുന്നതുകൊണ്ടും, കടത്തുകൂലിയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതിനാലും വിപണിവില വർദ്ധനവ് പൂർണമായി ഒഴിവാക്കാൻ കഴിയില്ല .മിൽമ ഗോൾഡ് കാലിത്തീറ്റയുടെ പ്രയോജനം കൂടുതൽ കർഷകരിലേക്ക് എത്തിക്കുന്നതിനായി 50 കിലോ മിൽമ ഗോൾഡ് തീറ്റ വാങ്ങുമ്പോൾ 25 രൂപയുടെ സബ്സിഡി 01.06.2023 തീയതി മുതൽ 30.11.2023 തീയതി വരെ ഫെഡറേഷൻ നൽകിയിരുന്നു. ടി |

| | | | |
|---|---|---|---|
| | | | ആനുകൂല്യത്തിന്റെ കാലാവധി അവസാനിച്ച മുറയ്ക്ക് തൊട്ടടുത്ത ദിവസം തന്നെ,"ഗോമതി ഗോൾഡ് ക്ഷീരധാര" എന്ന സമ്മാന പദ്ധതി 01.12.2023 മുതൽ 31.03.2024 വരെ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു.ഇതിനു ശേഷം മിൽമ ഗോൾഡ് തീറ്റക്ക് 100 രൂപയുടെ സബ്സിഡി 10.09.2024 മുതൽ 31.10.2024 വരെയും ഫെഡറേഷൻ നൽകിയിരുന്നു.<br><br>ഇത്തരത്തിൽ മിൽമ ഫെഡറേഷനും മേഖലാ യൂണിയനുകളും കർഷകർക്ക് സഹായകമാകുന്ന രീതിയിൽ കാലിത്തീറ്റയ്ക്ക് വിവിധ സബ്സിഡികൾ കാലാകാലങ്ങളിൽ നൽകി വരുന്നുണ്ട്.കേരള ഫീഡ്സ്, മിൽമ എന്നീ പൊതുമേഖലാ കാലിത്തീറ്റ നിർമ്മാണ സ്ഥാപനങ്ങൾ ഉത്പാദിപ്പിക്കുന്ന കാലിത്തീറ്റ യുടെ വില നിശ്ചയിക്കുന്നതിന് പ്രൈസ് റെഗുലേറ്റിംങ് കമ്മറ്റിയുടെ കൂടെ ഇടപെടൽ ഉണ്ട് . ന്യായമായ വിലയ്ക്ക് പൊതുമേഖല സ്ഥാപനങ്ങളുടെ ഗുണമേന്മയുള്ള കാലിത്തീറ്റ വിപണിയിൽ ലഭ്യമാകുന്നത് കൊണ്ട് മറ്റ് പ്രൈവറ്റ് കമ്പനികൾക്ക് തങ്ങളുടെ കാലിത്തീറ്റയുടെ വില അനിയന്ത്രിതമായി വർധിപ്പിക്കാൻ കഴിയാറില്ല. |

സെക്ഷൻ ഓഫീസർ